**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **10-03-2025 - ൽ മറുപടിയ്ക്ക്**

**കക്കയം വിനോദ സഞ്ചാര കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള കക്കയം വിനോദ സഞ്ചാര കേന്ദ്രം നവീകരിക്കുന്നതിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ കക്കയം ഇക്കോ ടൂറിസം കേന്ദ്രം നവീകരിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. നിലവിൽ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ ഫണ്ട് ഉപയോഗിച്ച് കക്കയം ഇക്കോ ടൂറിസം കേന്ദ്രത്തിൽ ടോയിലറ്റ് ബ്ളോക്ക് നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഉരക്കുഴി വെള്ളച്ചാട്ടത്തിനോട് ചേർന്നുള്ള തൂക്കുപാലം അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തൂക്കുപാലം പുതുക്കി പണിയാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നിലവിൽ ഉപയോഗ ശൂന്യമായ പാലം പൊളിച്ച് ഉരക്കുഴി വെള്ളച്ചാട്ടത്തിനടുത്ത് ഗ്ലാസ് ബ്രിഡ്ജ്, മിനി സിപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത ഇക്കോടൂറിസം ക്ലിയറൻസ് കമ്മിറ്റിയിൽ ഈ പ്രൊപ്പോസൽ ഉൾപ്പെടുത്തി പരിശോധിച്ച് ക്ലിയറൻസ് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ